# ജ്ഞാനപ്പാനയിലെ പുനർജ്ജന്മവീക്ഷണം (രണ്ടാം ഭാഗം)

**വാസുദേവ് പുളിക്കൽ**

പൂന്താനത്തിൻെറ ജ്ഞാനപ്പാനയിലെ പുനർജ്ജന്മവീക്ഷണം ഹിന്ദുമതതത്വത്തെ അടിസ്ഥാനമാക്കിയാണെന്ന് കാണാൻ കഴിയും. പുനർജ്ജന്മം എന്നു കേൾക്കുമ്പോൾ നെറ്റി ചുളിക്കുന്നവരുണ്ട്. ജീവിതം ഒന്നേയുള്ളൂ, പിന്നീടൊന്നില്ല എന്നു വിശ്വസിക്കുന്നവരുടെ മതഗ്രന്ഥത്തിലും പുനർജ്ജന്മത്തെ പറ്റി പരാമർശമുണ്ട്. ശിഷ്യന്മാരോടൊപ്പം നടന്നു പോകവേ, വഴിയോരത്തിരുന്ന് ഭിക്ഷ യാചിക്കുന്ന കുരുടനെ കണ്ട് ഇയ്യാളുടെ അന്ധതക്കും കഷ്ടതക്കും കാരണം ഈശ്വരനോ ഇയ്യാളുടെ പൂർവ്വികരോ എന്ന് യേശുദേവനോട് ശിഷ്യന്മാർ ചോദിച്ചപ്പോൾ, ഇയ്യാളുടെ ഇപ്പോഴത്തെ അവസ്ഥക്ക് ഉത്തരവാദി മാറ്റാരുമല്ല ഇയ്യാൾ തന്നെയാണെന്ന യേശുദേവൻെറ മറുപടി ചെന്നെത്തുന്നത് പുനർജ്ജന്മ സിദ്ധാന്തത്തിലേക്കാണ്. കഴിഞ്ഞ ജന്മത്തിൽ വേർപേട്ടുപോയ ആത്മാവുകളുടെ പുനർസംയോഗമാണ് വിവാഹം എന്ന് വിശ്വസിക്കുന്ന യഹൂദമതവിഭാഗക്കാരുണ്ട് (കബാള). ഗ്രീസ്, അലക്സാണ്ടറിയ, ഏഷ്യാമൈനർ, ഈജിപ്റ്റ് മുതലായ രാജ്യങ്ങളിൽ ഭാരതത്തിൽ നിന്നു പോയ ബുദ്ധമത പ്രചാരകരിൽ നിന്നും പുനർജ്ജന്മസിദ്ധാന്തം പ്രചരിക്കാനിടയായി.

ഹിന്ദുമതത്തിൽ ആവിർഭവിച്ച പുനർജ്ജന്മസിദ്ധാന്തം വിവിധ മതങ്ങളിലേക്ക് വ്യാപിക്കുകയാണ് ചെയ്തത്. ജീവിതത്തിലെ വൈവിധ്യത്തിനും വൈരുധ്യത്തിനും യുക്തിപരമായ വ്യാഖ്യാനം നൽകാൻ പുനർജ്ജന്മസിദ്ധാന്തത്തിന് സാധിക്കുമെന്നതുകൊണ്ടായിരിക്കാം മനുഷ്യൻെറ ഭിന്ന വാസനകളെ പൂർണ്ണമായും വിവരിക്കുന്ന ഈ സിദ്ധാന്തം അന്യമതങ്ങൾക്ക് സ്വീകാര്യമായത്. "ഭസ്മാന്തം ശരീരം". ശരീരം ഭസ്മമായിപ്പോയാലും നിത്യനായ ആത്മാവ് നിലനിൽക്കുകയും നമ്മുടെ സമസ്ത കർമ്മങ്ങളുടേയും പാടുകൾ വാസനാരൂപത്തിൽ മനസ്സിൽ പതിക്കുകയും ചെയ്യുന്നു. പൂർവ്വജന്മത്തിലെ വാസനകൾക്കനുസൃതമായാണ് പുനർജ്ജന്മമുണ്ടാകുന്നതെന്നും ജീവികൾ ജനനമരണചക്രത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നതുമെന്നാണ് ഭാരതീയ ഋഷിമാർ കണ്ടെത്തിയിട്ടുള്ളത്.

പുനരപി ജനനം പുനരപി മരണം
പുനരപി ജനനീ ജഠരേ ശയനം
ഇഹ സംസാരേ ഖലു ദുസ്താരേ
കൃപയാ പാരേ പാഹി മുരാരേ

ജ്ഞാനപ്പാനയിൽ പൂന്താനം പറയുന്നു,

നമ്മേയൊക്കെയും ബന്ധിച്ച സാധനം
കർമ്മമെന്നറിയേണ്ടതു മുമ്പിനാൽ
മൂന്നുകൊണ്ടു ചമച്ചൊരു വിശ്വത്തിൽ
മൂന്നായിട്ടുള്ളു കർമ്മങ്ങളൊക്കെയും
പുണ്യകർമ്മങ്ങൾ പാപകർമ്മങ്ങളും
പുണ്യപാപങ്ങൾ മിശ്രമാം കർമ്മവും
മൂന്നു ജാതി നിരൂപിച്ചു കാണുമ്പോൾ
മൂന്നുകൊണ്ടും തളക്കുന്നു ജീവനെ
പൊന്നിൻ ചങ്ങലയൊന്നിപ്പറഞ്ഞതി-
ലൊന്നിരുമ്പുകൊണ്ടെന്നത്രെ ഭേദങ്ങൾ
രണ്ടിനാലുമെടുത്തു പണി ചെയ്ത
ചങ്ങലയല്ലോ മിശ്രമാം കർമ്മവും.

പ്രപഞ്ചത്തിലുള്ള ജീവജാലങ്ങൾ അനുഭവിക്കുന്നതും ജനിമൃതിയുടെ ചക്രത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നതും ഈ ജന്മത്തിൽ അല്ലെങ്കിൽ മുജ്ജന്മത്തിൽ ചെയ്ത കർമ്മങ്ങളുടെ ഫലമാണ്. സത്വരജസ്തമോഗുണങ്ങളോടു കൂടി ജനിക്കുന്ന മനുഷ്യരിൽ മൂന്നുവിധത്തിലുള്ള കർമ്മങ്ങളുണ്ട്. പുണ്യ-പാപ-മിശ്രകർമ്മങ്ങളാൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന ചങ്ങല സത്വഗുണമാകുന്ന സ്വർണ്ണമായാലും തമോഗുണമാകുന്ന ഇരുമ്പായാലും രജോഗുണമായ രണ്ടിൻേറയും മിശ്രിതമായിരുന്നാലും ബന്ധനം എന്നും ബന്ധനം തന്നെ. ഈ ബന്ധനത്തിൽ നിന്ന് മോചനം ലഭിക്കണമെങ്കിൽ സർവ്വവും ഇശ്വരനിൽ സമർപ്പിക്കണം. സാധാരണ വീടുകളിൽ ചൊല്ലാറുള്ള ഒരു നാടൻ ശീലുണ്ട്,

പുണ്യമായതും വേണ്ട, പാപമായതും വേണ്ട
പുണ്യപാപങ്ങൾക്കെല്ലാം പൂർണ്ണഹേതുഭൂത നീ
ജപമാലയും വേണ്ട ജപപൂജാഫലം വേണ്ട
ഉപചരിക്കുവാൻ തവ കൃപയൊന്നെതേ വേണ്ടൂ
അംബ നിൻ പാദേ സർവ്വവും സമാർപ്പയാമീ.

കർമ്മഫലങ്ങളിൽ നിന്നുള്ള മോചനത്തിന് ഇത്തരത്തിലുള്ള സമർപ്പണ മനോഭാവം അനിവര്യമാണ്.

കർമ്മങ്ങൾ സംഗങ്ങളിലൊന്നിലും കൂടതെ
കർമ്മഫലങ്ങളിൽ കാംക്ഷയും കൂടാതെ
കർമ്മങ്ങളെല്ലാം വിധിച്ചവണ്ണം പര-
ബ്രഹ്മണി നിത്യേ സമർപ്പിച്ചു ചെയ്യണം

എന്ന് രാമായണത്തിൽ പറഞ്ഞിരിക്കുന്നതിൻെറ പൊരുളും ഇതു തന്നെ.

കഴിഞ്ഞ ജന്മവാസനകൾ എന്തു തന്നെയായിരുന്നാലും മനസ്സിനെ നിയന്ത്രിച്ച് ഈ ജന്മത്തിലെ ജീവിതക്രമം ചിട്ടപ്പെടുത്തി സത്വരജസ്തമോഗുണങ്ങളിൽ നിന്ന് വിട്ടുമാറി കർമ്മനാശം വരുത്താൻ സാധിക്കുമെന്നും ഹിന്ദുമതതത്വം അനുശാസിക്കുന്നുണ്ട്. മനസ്സാണ് മനുഷ്യൻെറ ബന്ധത്തിനും മോക്ഷത്തിനും കാരണം. ലോകത്തിലുള്ള ഓരോ മനസ്സും സർവ്വവ്യാപകമായ മനസ്സിൻെറ അംശമാണ് - സൃഷ്ടിസ്ഥിതിലയത്തിനു കാരണമായ ആനന്ദസ്വരൂപനായ പരമാത്മാവിൻെറ അംശം. ജീവാത്മാവ് പരമാത്മവുമായി ലയം പ്രപിച്ച് മോക്ഷം നേടുക എന്നതാണ് ജീവിത ലക്ഷ്യം. പരമാത്മാവിലേക്കുള്ള ജീവാത്മാവിൻെറ അനസ്യൂതമായ യാത്രക്കിടയിലുള്ള സമയമാണ് ജീവിതം. ഈശ്വരൻ പൂർണ്ണനാണ്. ജീവാത്മാക്കൾ പൂർണ്ണനെ പ്രാപിക്കുമ്പോൾ പൂർണ്ണത അനുഭവപ്പെടുന്നു, ജനനമരണങ്ങൾ ആവർത്തിക്കപ്പെടാത്ത അനന്തസുഖം - പൂർണ്ണത അനുഭവിക്കുന്നു. അതാണ് മോക്ഷം - സംസാരദുഃഖത്തിൽ നിന്ന് എന്നന്നേക്കുമായി മോചനം നൽകുന്ന അനശ്വരവും അനന്തവുമായ സുഖം. ആ അവസ്ഥയിൽ 'ആഴണം വാഴണം നിത്യം വാഴണം വാഴണം സുഖം' എന്നതായിരിക്കണം പരമമായ ലക്ഷ്യം. പരമാത്മാവിനെ ഒരു വലിയ സർക്കിൾ ആയി സങ്കൽപിച്ചുകൊണ്ട് അതിൽ നിന്നു അടർന്നു പോകുന്ന ആർക്കുകളാണ് ജീവാത്മാക്കൾ എന്ന് പാശ്ചാത്യ കവി റോബർട്ട് ബ്രൗണിഗ് പുനർജ്ജന്മാശയം രണ്ടു വരി കവിതയിലൂടെ അവതരിപ്പിച്ചിരിക്കുന്നത് ഈ സിദ്ധാന്തം പാശ്ചാത്യരെ എത്രമാത്രം ആകർഷിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. പൂർണ്ണത്തിൽ (പരമാത്മാവിൽ) നിന്നുത്ഭവിച്ച് പൂർണ്ണത്തിൽ തന്നെ ലയം പ്രാപിക്കുന്ന ഒരു പ്രക്രിയ.

ഓം പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുതച്യതേ
പൂർണ്ണസ്യാ പൂർണ്ണമാദായ
പൂർണ്ണമേവാവ ശിഷ്യതേ

ജീവാത്മാവിൻെറ പൂർണ്ണത്തിലേക്കുള്ള യാത്ര പൂർണ്ണമാകണമെങ്കിൽ ചിലപ്പോൾ ജന്മജന്മാന്തരങ്ങൾ വേണ്ടി വരും. അതുകൊണ്ട് ജനിമൃതികൾ സംഭവിച്ചുകൊണ്ടേയിരിക്കും.

നരകത്തിൽ കിടക്കുന്ന ജീവൻ പോയ്
ദുരിതങ്ങളൊടുങ്ങി മനസ്സിൻെറ
പരിപാകവും വന്നു ക്രമത്താലെ
നരജാതിയിൽ വന്നു പിറന്നിട്ടു
സുകൃതം ചെയ്തു മേൽപ്പോട്ടു പോയവർ
സുഖിച്ചീടുന്നു സത്യലോകത്തോളം
സൽക്കർമ്മംകൊണ്ടു മേൽപ്പോട്ടു പോയവർ
സ്വർഗ്ഗത്തിലിരുന്നു സുഖിക്കുന്നു.

ജനിമൃതികളുടെ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നതും കർമ്മഫലങ്ങൾക്കനുസൃതമായി മനുഷ്യർ ജനിമൃതിയുടെ വലയത്തിൽ അകപ്പെട്ടുപോകുന്നതും പുന്താനം വിവരിക്കുന്നു. കാമ ക്രോധ ലോഭങ്ങൾ മനുഷ്യരെ നരകത്തിൻെറ ഗോപുരവാതിലിൽ എത്തിക്കുന്നു. സ്വാർത്ഥമതികൾ ദുഷ്ക്കർമ്മങ്ങളുടെ ഫലമയി നരകത്തിൽ വീണ് യതന അനുഭവിച്ചതിനു ശേഷം ആത്മശുദ്ധീകരണത്തിനു വേണ്ടി വീണ്ടും ഭൂമിയിൽ എത്തുന്നു. പുനർജ്ജനിച്ച് സൽക്കർമ്മങ്ങൾ ചെയ്യുന്നുവെങ്കിൽ അവർ സ്വർഗ്ഗത്തിലെത്തി സുഖിക്കുന്നു. സ്വർഗ്ഗമാണ് പരമമായ സുഖവാസസ്ഥലമെന്ന് വിശ്വസിക്കുന്ന സ്ഥാപിത മതസ്ഥർ ലക്ഷ്യമാക്കുന്നത് സ്വർഗ്ഗവും സ്വർഗ്ഗത്തിലെ സുഖവുമാണ്. എന്നാൽ, സ്വർഗ്ഗസുഖം ശാശ്വതമല്ലെന്ന് ഹിന്ദുമത തത്വങ്ങളെ ആധാരമാക്കി പുന്താനം പറയുന്നു,

സുകൃതങ്ങളൊക്കെയൊടുങ്ങുമ്പോൾ
പരിപാകവുമെള്ളോളമില്ലവർ
പരിചോടങ്ങിരുന്നിട്ടു ഭൂമിയിൽ
ജാതരായ് ദുരിതം ചെയ്തു ചത്തവർ
വന്നൊരാ ദുരിതത്തിൻ ഫലമായി
പിന്നെപ്പോയ് നരകങ്ങളിൽ വീഴുന്നു.

ജനിമൃതിയാകുന്ന ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗം പ്രാപിച്ചവരുടെ സുകൃതം അവസാനിക്കുമ്പോൾ അവർ വീണ്ടും ഭുമിയിൽ പതിക്കുന്നു. വീണ്ടും ദുഷ്ക്കർമ്മങ്ങൾ ചെയ്യുന്നതിൻെറ ഫലമായി നരകത്തിൽ തന്നെ പതിക്കുന്നു. 'കീഴ്മേലിങ്ങനെ മണ്ടുന്ന ജീവന്മാർ' ജനിമൃതിയിൽ നിന്ന് രക്ഷപ്പെടുന്നില്ല.

ചണ്ഡകർമ്മങ്ങൾ ചെയ്തവൻ ചാകുമ്പോൾ
ചണ്ഡാലകുലത്തിങ്കൽ പിറക്കുന്നു
അസുരന്മാർ സുരന്മാരായീടുന്നു
അമരന്മാർ മരങ്ങളായീടുന്നു

സത്വരജസ്തമോഗുണങ്ങളും ഞാൻ എന്ന ഭാവവും യജിക്കപ്പെടണം. അപ്പോൾ പ്രപഞ്ചതത്വം അനുഭവവേദ്യമാവുകയും പരമാനന്ദത്തെ പ്രാപിക്കുകയും ചെയ്യും. നല്ല മാതാപിതക്കന്മാരുടെ മകൻ ദുഷ്ടനാകുന്നതിനും ദുഷ്ടൻെറ മകൻ ശിഷ്ടനാകുന്നതിനും ഉദാഹരനങ്ങളുണ്ട്. ദുഷ്ടൻെറ മകൻ ശിഷ്ടനാകുന്നതിൻെറ ഉത്തമോദാഹരണമാണ് പ്രഹ്ളാദൻ.

നരിചത്തു നരനായ് പിറക്കുന്നു
നാരി ചത്തുടനോരിയായ് പോകുന്നു
കൃപ കൂടാതെ പീഡിപ്പിച്ചീടുന്ന
നൃപൻ ചത്തു കൃമിയായ് പിറക്കുന്നു
ഈച്ച ചത്തൊരു പൂച്ചയായീടുന്നു
ഈശ്വരൻെറ വിലാസങ്ങളിങ്ങനെ

കർമ്മഫലമനുസരിച്ച് അടുത്ത ജന്മത്തിൽ പട്ടിയായും പൂച്ചയായും ഈച്ചയായും കൃമിയായും മറ്റും ജനിക്കുമെന്ന് കേൾക്കുമ്പോൾ അത് മനുഷ്യരിൽ ഒരു തരം ഭയം ജനിപ്പിച്ച് തിന്മയിൽ നിന്ന് അകന്നു നിന്ന് സൽക്കർമ്മങ്ങൾ ചെയ്യാൻ അവർക്ക് പ്രേരണ നൽകുന്നുണ്ടായിരിക്കാം. മനുഷ്യരെ നേർവഴിക്ക് നയിക്കാനുള്ള ഒരു ഉപാധി. ജീവാത്മാവ് പരിപക്വത നേടി പരമാത്മാവിൽ ലയം പ്രാപിക്കാൻ യോഗ്യമാകുന്നതുവരെ ജനിമൃതി എന്ന പരിണാമപ്രക്രിയ നടന്നുകൊണ്ടിരിക്കുമെന്ന് ഭോഗേച്ഛുക്കൾ മനസ്സിലാക്കുന്നില്ല. 'കണ്ടാലും തിരിയാ ചിലർക്കേതുമേ'. അതുകൊണ്ട് അവർ വീണ്ടും വീണ്ടും ജനനമരണത്തെ പ്രാപിക്കുന്നു. ജീവാത്മാവ് പരമാത്മാവിൽ ലയിച്ച് ഒന്നായിത്തിരുന്നതിനെ യോഗം എന്നു പറയുന്നു. കർമ്മയോഗം, ഭക്തിയോഗം, ജ്ഞാനയോഗം, രാജയോഗം എന്നിവയാണ് യോഗമാർഗ്ഗങ്ങൾ. നിരവധി തത്വസംഹിതകൾ ലോകത്തിനു സമ്മാനിച്ചുകൊണ്ട് അവരവരുടെ യോഗ്യതാനുസരണം മാനസികവും ശാരീകവുമായ പാകതക്കനുസരിച്ച് തനിക്കനുയോജ്യമായത് തെരഞ്ഞെടുത്തുകൊള്ളാൻ സ്വാതന്ത്ര്യം നൽകുന്ന ഒരു ധർമ്മസംഹിതയുടെ ഭാഗമാണീ യോഗമാർഗ്ഗങ്ങൾ. അതുകൊണ്ട് ഓരോരുത്തരുടേയും മാനസികഘടനയനുസരിച്ച് എതു യോഗം വേണമെങ്കിലും അഭ്യസിച്ച് സായൂജ്യം നേടാവുന്നതാണ്. കാമഭോഗത്തിനു വണ്ടി മാത്രം ശ്രമിച്ച് ആസുരജീവിതം നയിക്കാതെ, മനുഷ്യൻ മനുഷ്യനായി ജീവിച്ച് ഉയരണമിങ്കിൽ ഏതെങ്കിലും യോഗമാർഗ്ഗം അവലംബിക്കുന്നത് നന്നായിരിക്കുമെന്നാണ് തത്വശാസ്ത്രം ഉൽഘോഷിക്കുന്നത്. ആത്മാവിനെ ആത്മാവിനെ കൊണ്ടു തന്നെ ഉദ്ധരിക്കണമെന്ന് ഗീതോപദേശം.

ഉദ്ധരേദാത്മാനാത്മാനം നാത്മാനമവസദയേത്
ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈ രിപുരത്മനഃ 6.5

തൻെറ ഭാഗ്യവിധാതാവ് താൻ തന്നെയാണ്. തൻെറ ശത്രുവും മിത്രവും താൻ തന്നെ. അവനവനെ അവനവൻ തന്നെ ഉയർത്തണം. അർജ്ജുനാ, നീ നിന്നെത്തന്നെ ഉദ്ധരിക്കണം - ആത്മോദ്ധാരണം സ്വയം ചെയ്യണം എന്ന് കൃഷ്ണൻ ഗീതയിൽ പറയുമ്പോഴും ഭൗതിക ശരീരം നശിച്ചതിനു ശേഷം അതിൽ കുടികൊണ്ടിരുന്ന ആത്മാവിൻെറ മോക്ഷത്തിനും നിത്യശാന്തിക്കുമായി പ്രാർത്ഥനകളും കർമ്മങ്ങളും നടത്താറുണ്ട്. ലോകനന്മക്കായി പ്രവർത്തിച്ചിട്ടുള്ളവരെ സ്മരിക്കുകയും അവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുമ്പോൾ അവരോട് നീതി പുലർത്തിയതായി കണക്കാക്കാം. മനുഷ്യജന്മത്തിലൂടെ മാത്രമേ സ്വയം ആത്മാവിനെ ശുദ്ധീകരിച്ച് മുക്തി നേടാൻ കഴിയു എന്ന് തത്വങ്ങൾ നിഷ്കർഷിക്കുമ്പോൾ പ്രാർത്ഥനയിലൂടേയും മറ്റും മരിച്ചവരുടെ ആത്മാവിന് നിത്യശാന്തിയും മോക്ഷവും നേടിക്കൊടുക്കാൻ ശ്രമിക്കുന്നത് തത്വവിരോധമല്ലേ?

കർമ്മങ്ങളുടെ ഉത്ഭവവും നാശവും സംഭവിക്കുന്നത് ഭൂമിയിൽ തന്നെയാണെന്നും ആ ഭൂമി ഭാരതഭൂമിയാണെന്നുമാണ് പുന്താനത്തിൻെറ അഭിപ്രായം.

കർമ്മങ്ങൾക്കു വിളഭൂമിയാകിയ
ജന്മദേശമിബ്ഭൂമിയറിഞ്ഞാലും
കർമ്മനാശം വരുത്തേണമെങ്കിലും
ചെമ്മേ മറ്റെങ്ങും സാധിയാ നിർണ്ണയം

ഭാഗവതത്തെ അനുകരിച്ച് ഭാരതത്തെ കർമ്മക്ഷേത്രം അഥവ കർമ്മഭൂമി എന്നാണ് പൂന്താനം വിശേഷിപ്പിക്കുന്നത്. ഭാരതമൊഴിച്ച് എവിടെ ജനിച്ചാലും ജനിമൃതികളിൽ നിന്ന് മോചനം നേടി മോക്ഷത്തെ പ്രാപിക്കാൻ സാധിക്കുകയില്ല എന്നാണ് പുന്താനം പറയുന്നത്,

കർമ്മബീജം വരട്ടിക്കളഞ്ഞുടൻ
ജന്മനാശം വരുത്തേണമെങ്കിലും
ഭാരതമായുള്ള ഖണ്ഡമൊഴിഞ്ഞുള്ള
പാരിലെങ്ങുമെളുതല്ല നിർണ്ണയം
അത്ര മുഖ്യമായുള്ളൊരു ഭാരത-
മി പ്രദേശമെന്നെല്ലാരുമോർക്കണം.

പുനർജ്ജന്മസിന്താന്തം ഹിന്ദുമതത്തിൽ ഇന്ന് ഉത്ഭവിച്ചതുകൊണ്ടും ഭാരതം ഹിന്ദുധർമ്മത്തിൻെറ മൂലസ്ഥാനമായതുകൊണ്ടുമായിരിക്കാം പൂന്താനം മോക്ഷപ്രാപ്തിക്ക് ഭാരതത്തേക്കാൾ ഉപരിയായ മറ്റൊരിടമില്ലെന്ന് ധരിച്ചത്. ഭാരതത്തിൽ ജനിച്ചാൽ മത്രം പോര, ഭഗവത് നാമം ജപിക്കുകയും വേണം. ഇഷ്ടദേവതയെ ഭജിക്കുന്നതിനാണല്ലോ ഏവർക്കും താൽപര്യം. അമിതമായ കൃഷ്ണഭക്തികൊണ്ടായിരിക്കാം

കൃഷ്ണ! കൃഷ്ണ! മുകുന്ദാ! ജനാർദ്ദന!
കൃഷ്ണ! ഗോവിന്ദ! രാമ! എന്നിങ്ങനെ
തിരുനാമ കീർത്തനമെന്നിയേ
മറ്റില്ലേതുമേ യത്നമറിഞ്ഞാലും.

എന്ന് പൂന്താനം പറയുന്നത്. കൃഷ്ണൻ ഈശ്വരൻെറ അവതാരമായതിനാൽ 'കൃഷ്ണ' എന്നതിനു പരമാത്മാവ് എന്ന് അർത്ഥം കൽപിച്ചാൽ ആനന്ദസ്വരൂപനായ പരമാത്മാവിനെ ധ്യാനിച്ച് മോക്ഷം കൈവരിക്കാൻ സാധിക്കുമെന്ന് കരുതാം.

ഗുരുനാഥൻ തുണചെയ്ക സന്തതം
തിരുനാമങ്ങൾ നാവിന്മേലെപ്പൊഴും
പിരിയാതെയിരിക്കണം നമ്മുടെ
നരജന്മം സഫലമാക്കീടുവാൻ

ഇഷ്ടദൈവനാമങ്ങൾ നാവിന്മേൽ കളിയാടണമെന്നും ജ്ഞാനപ്പാനയുടെ തുടക്കത്തിൽ തന്നെ കവി ഗുരുവിനെ പ്രർത്ഥിക്കുന്നു. ഏവർക്കും ഗുരുവിൻെറ അനുഗ്രഹം എപ്പോഴും ആവശ്യമാണെന്ന ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണിത്.

മോക്ഷം ലഭിക്കണമെങ്കിൽ ഭാരതത്തിൽ തന്നെ ജനിക്കണമെന്നാണ് പൂന്താനം പറയുന്നതെങ്കിൽ ശ്രീ ശങ്കരാചാര്യർ ഒരു പടി കൂടി കർക്കശനാകുന്നു. പുരുഷജന്മം കൊണ്ടു മാത്രമേ ജന്മസാഫല്യം നേടാൻ കഴിയൂ എന്ന് അദ്ദേഹം വിവേകചൂഡാമണി'യിൽ പറഞ്ഞു വെച്ചിരിക്കുന്നു. അത് പുരുഷമേധാവിത്വവും സ്ത്രീകളോടുള്ള അവഗണനയുമല്ലേ സൂചിപ്പിക്കുന്നത്? ശങ്കരാചാര്യർ സ്ത്രീകളോടു കാണിക്കുന്ന അവഗണനയാണിതെന്ന് ആരെങ്കിലും വിമർശനാത്മകമായി ചൂണ്ടിക്കാണിച്ചാൽ, ശങ്കരാചാര്യർ ഉപയോഗിച്ച 'പുരുഷൻ' എന്ന പദത്തിന് 'മനുഷ്യൻ" എന്നാണ് അർത്ഥം കൽപ്പിക്കേണ്ടത് എന്ന വാദവുമായി ശങ്കരാനുഭാവികൾ മുന്നോട്ടു വരും. ഭാരതീയ സംസ്കൃതിയോടുള്ള പൂന്താനത്തിൻെറ അമിതമായ മമത മൂലമായിരിക്കാം ഭാരതത്തിൽ ജനിച്ചാൽ മത്രമേ മുക്തി ലഭിക്കുകയുള്ളു എന്ന് പൂന്താനം നിഷ്ക്കർഷിക്കുന്നത്. ലോകത്തിൻെറ ഏതു ഭാഗത്തു ജനിച്ചാലും അവരിൽ നന്മയുണ്ടെങ്കിൽ, ഒന്നും എൻേറതല്ല ഈശ്വരൻേറതാണെന്ന സമർപ്പണമനോഭാവത്തോടെ ഈശ്വരോന്മുഖമായി ജീവിതം നയിക്കുന്നുവെങ്കിൽ അവർക്ക് മോക്ഷപ്രാപ്തിയുണ്ടാകുമെന്ന് ചിന്തിക്കുന്നതല്ലേ ഉത്തമം. ഭവസാഗരത്തിൽ വീണു പോയ എല്ലാവരേയും രക്ഷിക്കാൻ ഈശ്വരനു മാത്രമേ സാധിക്കൂ എന്ന് മനസ്സിലാക്കിയ നാരായണഗുരു എഴുതി നമുക്ക് സമ്മാനിച്ച സാർവ്വലൗകികമായ പ്രാർത്ഥനാഗീതം ഇങ്ങനെ തുടങ്ങുന്നു:

ദൈവമേ കാത്തുകൊൾകങ്ങ്,
കൈവിടാതിങ്ങു ഞങ്ങളേ
നാവികൻ നീ ഭവാബ്ധിക്കോ-
രാവി വൻതോണി നിൻ പദം

ഞങ്ങൾ എന്ന പദപ്രയോഗത്തിൽ സമസ്തരും അടങ്ങിയിരിക്കുന്നു.

ജനനമരണമാകുന്ന സംസാരചക്രത്തിൽ നിന്ന് ജീവാത്മാവിനെ ബന്ധിച്ചിരിക്കുന്ന ആശാപാശങ്ങളെ സൽക്കർമ്മങ്ങൾകൊണ്ടു ഭേദിച്ച് ആനന്ദസ്വരൂപനായ പരമാത്മാവിനോട് യോജിപ്പിക്കുന്നതുവരെ പുനർജ്ജന്മം എന്ന പരിണാമപ്രക്രിയ നടന്നുകൊണ്ടിരിക്കുമെന്ന് തത്വശാസ്ത്രം അനുശാസിക്കുന്നതായി നാം കണ്ടു.

വിധിച്ചീടുന്ന കർമ്മങ്ങമൊടുങ്ങുമ്പോൾ
പതിച്ചീടുന്നു ദേഹമൊരേടത്ത്
കൊതിച്ചീടുന്ന ബ്രഹ്മത്തെ കണ്ടിട്ടു
കുതിച്ചീടുന്നു ജീവനുമപ്പൊഴെ

നമുക്ക് വിധിച്ച കർമ്മബന്ധം അവസാനിക്കുമ്പോൾ ജീവൻ ജഡത്തെ ഉപേക്ഷിച്ച് ബ്രഹ്മലോകത്തിലേക്ക് കുതിച്ചു ചെന്ന് പരമാത്മാവിനെ - ബ്രഹ്മത്തെ പ്രാപിക്കുന്നു. അമൃതത്വത്തിൻെറ സന്താനങ്ങളെ എന്നാണ് ഋഷീശ്വരന്മാർ മനുഷ്യരെ സംബോധന ചെയ്യുന്നത്. അമൃതത്വം സ്വയം നേടിയെടുക്കണം. പാപം ചെയ്യുന്നവർക്കും സാത്വികതയിൽ നിന്നും ഉയർന്ന ഗുണവിശേഷത്തിലെത്തി കർമ്മനാശം വരുത്തി ഇന്നല്ലെങ്കിൽ നാളെ, അടുത്ത ജന്മത്തിൽ അല്ലെങ്കിൽ ജന്മാന്തരങ്ങളിലൂടെ ജീവന് മോക്ഷം ലഭിക്കാതിക്കുകയില്ല എന്ന് നിഷ്ക്കർഷിക്കുന്ന ഈ സിദ്ധാന്തം ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിലും പഠിച്ചറിയാവുന്നതാണ്.

അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർഗ്ഗമയ
മൃത്യോർമാ അമൃതം ഗമയാ

നശ്വരമായ അസത്തിൽ നിന്ന് അനശ്വരമായ സത്യത്തിലേക്കും അജ്ഞാനമായ അന്ധകാരത്തിൽ നിന്ന് ജ്ഞാനമാകുന്ന പ്രകാശത്തിലേക്കും മരണത്തിൽ നിന്ന് അമരത്വത്തിലേക്കും നയിക്കണമേ എന്ന് പ്രാർത്ഥിക്കാം. ജ്ഞാനപ്പാനയിൽ പൂന്താനം വളരെ തന്മയത്വത്തോടെ പുനർജ്ജന്മസിദ്ധാന്തം അവതരിപ്പിച്ചിരിക്കുന്നത് ജ്ഞാനപ്പാന സമൂഹത്തിന് ഇന്നും സ്വീകാര്യമാകാൻ കാരണമായി എന്നു തോന്നുന്നു.

(തുടരും)